# വർഗ്ഗീയതയുടെ അടിവേരുകൾ തേടിയ സംവാദം

**കേരളീയം ന്യൂസ് സർവ്വീസ്**

വർഗ്ഗീയതയെ ചെറുക്കാൻ വ്യവസ്ഥാപിത ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് കഴിയില്ലെന്നും മതങ്ങൾക്കുള്ളിൽ നിന്നുതന്നെ പ്രതിരോധ പ്രവർത്തനങ്ങൾ രൂപപ്പെടണമെന്നും വർഗ്ഗീയതയ്ക്കെതിരെ കേരളീയം സംഘടിപ്പിച്ച സംവാദത്തിൽ വിലയിരുത്തപ്പെട്ടു. 'വർഗ്ഗീയതയുടെ മാനങ്ങളും പ്രതിരോധശ്രമങ്ങളും' എന്ന വിഷയത്തിൽ ചാലക്കുടി ലയൺസ് ഹാളിൽ ജൂൺ 15നാണ് സംവാദം സംഘടിപ്പിച്ചത്.

വർഗ്ഗീയതക്കെതിരായ പ്രതിരോധം ഉയർന്നുവരേണ്ടത് സാധാരണക്കാരുടെ ഇടയിൽ നിന്നുമാണെന്ന് എഴുത്തുകാരനും ചിന്തകനുമായ ആനന്ദ് അഭിപ്രായപ്പെട്ടു. വർഗ്ഗീയതക്കെതിരായ യാഥാർത്ഥ്യങ്ങൾ പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുകയാണ് വേണ്ടത് എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

മതത്തിനു വന്നുചേർന്നിട്ടുള്ള അപഭ്രംശം നേരിടണമെങ്കിൽ മതത്തിന്റെ ഭാഷ തന്നെ ഉപയോഗിക്കണമെന്ന് സി. ആർ. പരമേശ്വരൻ സൂചിപ്പിച്ചു. അടിച്ചൊതുക്കൽ നയത്തിലൂടെ വർഗ്ഗീയത ഇല്ലാതാക്കാനാകില്ലെന്നും അദ്ദേഹം പറഞ്ഞു.

മതേതരത്വം എന്നത് മതനിഷേധമോ മതവിരുദ്ധമോ ആണെന്ന വിലയിരുത്തലിന് പ്രസക്തി നഷ്ടപ്പെട്ടിരിക്കുകയാണെന്ന തിരിച്ചറിവ് മതേതരവാദികൾക്കുണ്ടാകണമെന്ന് കെ. വേണു അഭിപ്രായപ്പെട്ടു. ധാർമ്മികതയിൽ ഊന്നിയുള്ള ആത്മീയ അജണ്ടയാണ് വർഗ്ഗീയതയെ ചെറുക്കാൻ ആവശ്യമെന്നാണ് ഡോ. കെ. അരവിന്ദാക്ഷൻ നിർദ്ദേശിച്ചത്. വർഗ്ഗീയതക്കെതിരെയുള്ള യുദ്ധം നടക്കേണ്ടത് മനസ്സിൽ തന്നെയാണെന്ന് എം. എൻ. കാരശ്ശേരി പറഞ്ഞു.

വി. പി. സുഹ്റ, കെ. സി. നാരായണൻ, ഡോ. എ. കെ. രാമകൃഷ്ണൻ, വി. എച്ച്. ദിരാർ എന്നിവരും സംവാദത്തിൽ പങ്കെടുത്തു. സി. പി. ഗംഗാധരൻ മാസ്റ്റർ, വടക്കേടത്ത് പത്മനാഭൻ എന്നിവർ മോഡറേറ്റർമാരായിരുന്നു. തൃശ്ശൂർ ജില്ലയിലെ മുണ്ടൂർ സൽസബീൽ സ്കൂളിലെ വിദ്യാർത്ഥികളും സംവാദത്തിൽ പങ്കുകൊണ്ടു. മാറാട് കലാപപ്രദേശങ്ങൾ സന്ദർശിച്ച കുട്ടികളുടെ അനുഭവവിവരണങ്ങൾ സംവാദത്തിന്റെ പ്രസക്തി ബോധ്യപ്പെടുത്തുന്നതായിരുന്നു.

വർഗ്ഗീയതക്കെതിരെ പ്രതിരോധപ്രവർത്തനങ്ങൾ രൂപപ്പെടുത്തുക എന്ന ലക്ഷ്യവുമായാണ് 'കേരളീയം' സംവാദം സംഘടിപ്പിച്ചത്. കേരളീയം ട്രസ്റ്റ് അംഗത്വത്തിനുള്ള തുക ഏറ്റുവാങ്ങലും ഇതോടനുബന്ധിച്ച് നടന്നു.



▢ കേരളീയം സംഘടിപ്പിച്ച വർഗ്ഗീയത സംവാദത്തിൽനിന്ന്